# രാഷ്ട്രത്തിന്റെ ചെലവിൽ ഹജ്ജ് നിർവഹിക്കാമോ?

***രാഷ്ട്രത്തിന്റെ വരുമാനങ്ങളിൽ അവിഹിതമായ സ്രോതസ്സുകളിൽനിന്നുള്ളതുമുണ്ടാവും. അതിനാൽ രാഷ്ട്രത്തിന്റെ ചെലവിൽ ഹജ്ജ് ചെയ്യുന്നത് സാധുവല്ല എന്ന ഒരു വാദം ചിലർ ഉന്നയിക്കാറുണ്ട്. എന്താണിതിന്റെ സത്യാവസ്ഥ?***

ഉത്തരം: അതിയ്യ സഖ്ർ

രാഷ്ട്രത്തിന്റെ മുഴുവൻ സ്വത്തും അവിഹിത സ്രോതസ്സിൽനിന്നുള്ളതാവില്ല. ഹലാലും ഹറാമും കൂടിക്കലരുകയും അവയെ വേർതിരിക്കുന്നത് പ്രയാസകരമാവുകയും ചെയ്താൽ അതിൽനിന്ന് ധനം സ്വീകരിക്കുന്നതിന് വിരോധമില്ല. സ്വീകരിച്ചത് ഹലാലിൽനിന്നുള്ളതാവാനും സാധ്യതയുണ്ടല്ലോ. നബി(സ) യഹൂദരിൽനിന്നും ജിസ്‌യ സ്വീകരിച്ചിരുന്നു. അവരുടെ ധനം പലിശ, ഹറാമായ കച്ചവടങ്ങൾ എന്നിവയിൽനിന്നുള്ള വരുമാനവും കൂടിച്ചേർന്നതായിരുന്നു. അതിനാൽ രാഷ്ട്രത്തിന്റെ ചെലവിലും വ്യത്യസ്ത ഗവൺമെന്റ് ഏജൻസികളുടെ ആഭിമുഖ്യത്തിലുള്ള പാക്കേജിന്റെ ഭാഗമായിട്ടുമൊക്കെ ഹജ്ജ് നിർവഹിക്കുന്നത് സാധുവാണ്. ബാധ്യത വീടുന്നതുമാണ്. പണ്ടുതൊട്ടേ ഈ രീതി തുടർന്നുവരുന്നുണ്ട്. പണ്ഡിതന്മാരാരും അതിനോട് വിയോജിപ്പ് രേഖപ്പെടുത്തിയിട്ടില്ല.

ജനങ്ങളുടെ നികുതി പോലുള്ള വരുമാനങ്ങളാൽ നടത്തപ്പെടുന്ന പൊതു ഖജനാവിൽനിന്ന് നാം ശമ്പളവും പ്രതിഫലവും ഒക്കെ സ്വീകരിക്കാറുണ്ട്. ക്ഷേമ പ്രവർത്തനങ്ങളിൽ അത് ഉപയോഗപ്പെടുത്താറുമുണ്ട്. പിന്നെ ഈ വിഷയത്തിൽ മാത്രം സംശയിക്കുന്നതെന്തിന്?

## ധനശേഷി മാത്രമുള്ള ആളുടെ ഹജ്ജ്

***ഒരാൾക്ക് ഹജ്ജ് യാത്ര ചെയ്യാനുള്ള ശാരീരിക സുഖമില്ല. എന്നാൽ ഹജ്ജിന് പോവാനാവശ്യമായ പണം കൈവശമുണ്ട്. ഈ അവസ്ഥയിൽ അയാൾക്ക് പകരം ഹജ്ജ് ചെയ്യാൻ ആളെ അയക്കേണ്ടതുണ്ടോ?***

ഉത്തരം: ഡോ. മുഹമ്മദ്ബ്നു മുഖ്താർ ശൻഖീതി.

രോഗത്തിന് രണ്ടവസ്ഥയാണുണ്ടാവുക. 1. താൽക്കാലിക രോഗം: ഏതാനും മാസങ്ങളോ വർഷങ്ങളോ നീണ്ടുനിൽക്കുന്ന രോഗം. രോഗശമനമുണ്ടാവും വരെ കാത്തിരിക്കുകയും ആരോഗ്യം തിരിച്ചുകിട്ടിയാൽ ഹജ്ജ് ചെയ്യുകയുമാണ് ഇത്തരക്കാർ ചെയ്യേണ്ടത്.

2. മാറാരോഗം: മാറാരോഗം, വാർധക്യം മുതലായവ ബാധിച്ച സമ്പന്നർ തങ്ങൾക്കു പകരം ഹജ്ജ് ചെയ്യാൻ ആളെ ഏർപ്പെടുത്തേണ്ടത് നിർബന്ധമാണ്.

സ്ത്രീക്കു പകരം ഏൽപിക്കേണ്ടത് സ്ത്രീയെതന്നെയാവണമെന്നും, പുരുഷനു പകരം പുരുഷൻ തന്നെ നിർവഹിക്കണം എന്നൊന്നും വ്യവസ്ഥയില്ല. പുരുഷനു പകരം സ്ത്രീയും തിരിച്ചുമൊക്കെ ആകാവുന്നതാണ്. ഖസ്അമിയ്യ ഗോത്രത്തിൽ പെട്ട സ്ത്രീക്ക് തന്റെ പിതാവിനു പകരം ഹജ്ജ് നിർവഹിക്കാൻ നബി(സ) അനുവാദം കൊടുക്കുകയുണ്ടായി.

## ത്വവാഫിനിടയിലെ ഫോൺവിളി

***ത്വവാഫും സഅ്‌യുമൊക്കെ ചെയ്യുന്നതിനിടയിൽ മൊബൈൽ ഫോണിലൂടെ സംസാരിക്കുന്നത് കുറ്റകരമാണോ?***

ഉത്തരം: ഡോ. അജീൽ അന്നശമീ (കുവൈത്തിലെ ശരീഅ കോളേജിന്റെ മുൻ തലവൻ)

ആവശ്യമാണെങ്കിൽ ത്വവാഫിനിടയിൽ സംസാരിക്കുന്നത് അനുവദനീയമാണെന്നാണ് ഒരു വിഭാഗം പണ്ഡിതന്മാരുടെ അഭിപ്രായം. ദിക്ർ, ഖുർആൻ പാരായണം, നന്മ കൽപിക്കലും തിന്മ വിരോധിക്കലും, അത്യധികം അനിവാര്യമായ സംസാരം തുടങ്ങിയവയൊഴികെയുള്ള സംസാരങ്ങൾ ഒഴിവാക്കുന്നതാണ് അഭികാമ്യം എന്നാണ് മറ്റൊരു അഭിപ്രായം. അവർ തെളിവായി പ്രവാചക വചനം ചൂണ്ടിക്കാട്ടുന്നു: "കഅ്ബക്കു ചുറ്റുമുള്ള ത്വവാഫ് നമസ്കാരം പോലെതന്നെയാണ്. ത്വവാഫിൽ നിങ്ങൾ സംസാരിക്കുന്നു എന്ന വ്യത്യാസമേയുള്ളൂ. എന്നാലോ ത്വവാഫ് വേളയിൽ ആരെങ്കിലും സംസാരിക്കുന്നുവെങ്കിൽ നല്ലതല്ലാതൊന്നും അയാൾ പറയരുത്" (തിർമിദി).

അനിവാര്യമല്ലാത്ത സംസാരം അനഭിലഷണീയം എന്നാണ് ഇതിന്റെ അടിസ്ഥാനത്തിൽ എനിക്ക് പറയാനുള്ളത്. മൊബൈൽ വഴിയുള്ള സംഭാഷണത്തിനും സംസാരത്തിന്റെ വിധി ബാധകമാണ്. മിക്കവാറും ത്വവാഫ് ചെയ്യുന്ന ആളുമായി ഫോണിൽ സംസാരിക്കുന്ന വ്യക്തിക്ക് അയാളുടെ ഇബാദത്തിനെ സംബന്ധിച്ചും അതിൽ അയാൾ പുലർത്തേണ്ട സൂക്ഷ്മതയെ സംബന്ധിച്ചുമൊന്നും ധാരണയുണ്ടാവുകയില്ല എന്നതും പ്രശ്നങ്ങൾ സൃഷ്ടിക്കും.

ഹജ്ജ്കർമങ്ങൾക്കിടയിലുള്ള അനിവാര്യമല്ലാത്ത സംസാരങ്ങൾ- വിശേഷിച്ചും മൊബൈലും മറ്റും ഉപയോഗിച്ചുകൊണ്ട്- ഹജ്ജിന്റെ പവിത്രതയെയും പദവിയെയും കുറച്ചു കാണലാണ്. ഇങ്ങനെയുള്ള അവഹേളനത്തിന്റെ പഴുതടക്കേണ്ടത് അനിവാര്യമാണ്. ജനമൊന്നാകെ പ്രാർഥനയിലും ഖുർആൻ പാരായണത്തിലും തക്ബീറിലും തഹ്‌ലീലിലും ഒക്കെ ഏർപ്പെട്ടിരിക്കുമ്പോൾ, അവർക്ക് ബുദ്ധിമുട്ട് സൃഷ്ടിക്കുന്ന രീതിയിൽ ഇത്തരം പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നത് ശരിയല്ല.

## കടബാധ്യതയുള്ള ആളുകളുടെ ഹജ്ജ്

***കടബാധ്യതയുള്ളയാൾക്ക് ഹജ്ജ് ചെയ്യൽ നിർബന്ധമുണ്ടോ? അയാളുടെ ഹജ്ജ് സാധുവാകുമോ?***

ഉത്തരം: യൂസുഫ്ബ്നു അബ്ദില്ല ശലബി

നിശ്ചിത കാലാവധി വെച്ചുള്ളതോ ഗഡുക്കളായി അടച്ചുതീർക്കേണ്ടതോ ആയ കടബാധ്യതയുള്ള ആൾക്ക് ഹജ്ജിന് പോയാലും, നിശ്ചിതാവധിക്ക് കടം കൊടുത്തുവീട്ടാൻ കഴിയുമെന്ന് വിശ്വാസമുണ്ടെങ്കിൽ ഹജ്ജ് ചെയ്യൽ നിർബന്ധമാണ്.

എന്നാൽ ഉടൻ തന്നെ കൊടുത്തുവീട്ടേണ്ട കടബാധ്യതയുള്ളയാൾക്ക് ഹജ്ജിനു പോകാനും കടംവീട്ടാനും കൂടി തികയുന്ന പണം കൈയിലില്ലെങ്കിൽ ഹജ്ജ് ചെയ്യേണ്ടതില്ല. ഇത്തരമൊരവസ്ഥയിൽ ഹജ്ജ് ചെയ്യാനുദ്ദേശിക്കുന്നുവെങ്കിൽ അയാൾ ഉത്തമർണന്റെ അനുമതി തേടണം. അയാളനുവദിച്ചാൽ പ്രസ്തുത കടബാധിതന് ഹജ്ജിന് പോകാവുന്നതാണ്.

കടം വീട്ടുന്നതുവരെ അയാൾ ഹജ്ജ് ചെയ്യാനിരിക്കുന്നതാണുത്തമം. ഉപാധി പൂർത്തിയാക്കാത്തതിനാൽ (സാമ്പത്തികശേഷി) അയാൾക്ക് ഹജ്ജ് സുന്നത്ത് മാത്രമേയുള്ളൂ. എന്നാൽ കടം വീട്ടൽ നിർബന്ധമാണ്. എന്നാൽ ഇതെല്ലാം അവഗണിച്ച് ഉത്തമർണന്റെ അനുമതി നേടാതെ ഒരാൾ ഹജ്ജ് ചെയ്താൽ അത് സാധുവാകുന്നതും ബാധ്യത നിറവേറുന്നതുമാണ്. ■

(*ഇസ്‌ലാം ഓൺലൈൻ നെറ്റ്*, അറബി)